**Publication:** Deepika
**Date:** 10.10.2015
**Page:**08
**Headline:**TCS IT Wiz winners

# ടിസിഎസ് ഐടി വിസ് ജേതാക്കൾ

**കൊച്ചി:** ടിസിഎസ് ഐടി വിസ് ഇന്റർസ്കൂൾ ക്വിസ് മത്സരത്തിൽ കോട്ടയം മാർ ബസേലിയോസ് പബ്ലിക് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥികളായ തോമസ് ജോൺ, തോമസ് ഫിലിപ് എന്നിവർ ജേതാക്കളായി. തൃപ്പൂണിത്തുറ ചിന്മയ വിദ്യാലയത്തിലെ അദിത്ത് വി. മേനോനും ഗൗതം ഹരിലാലിനുമാണ് രണ്ടാം സ്ഥാനം.കലൂർ ഗോകുലം കൺവൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ കേരളത്തിലെ 180 സ്കൂളുകളിൽനിന്നായി 180 വിദ്യാർഥികൾ പങ്കെടുത്തു. വിജയികൾക്കുള്ള സമ്മാന വിതരണം അഡീഷണൽ ചീഫ് സെക്രട്ടറി വി.ജെ. കുര്യൻ നിർവഹിച്ചു. ചടങ്ങിൽ ടിസിഎസിന്റെ കേരള ഡെലിവറി ഹെഡും വൈസ് പ്രസിഡന്റുമായ ദിനേശ് പി. തമ്പിയും പങ്കെടുത്തു.